പാഠം 4 ജൂലൈ 21-27

# ആദ്യത്തെ സഭാനേതാക്കന്മാർ

**ശബ്ബത്ത് സായാഹ്നം**

**ഈ ആഴ്ചയിലെ പഠനത്തിന് അ.പ്ര. 6,7; 7:48; 8:4-25; എബ്രാ. 5:11-14; മീഖാ. 6:1-16.**

**മനഃപാഠവാക്യം: ദൈവവചനം പരന്നു, യെരൂശലേമിൽ ശിഷ്യന്മാരുടെ എണ്ണം ഏറ്റവും പെരുകി, പുരോഹിതന്മാരിലും വലിയോരു കൂട്ടം വിശ്വാസത്തിന് അധീനരായിത്തീർന്നു (അ.പ്ര. 6:7).**

പെന്തെക്കൊസ്തുനാൾ മാനസാന്തരപ്പെട്ട അനേക യെഹൂദന്മാർ ഗ്രീക്ക്, റോമൻ പ്രദേശങ്ങളിൽനിന്ന് യെരൂശലേമിൽ വന്നു താമസിക്കുന്നവരായിരുന്നു (അ.പ്ര. 2:5; 9-11). യെഹൂദന്മാരായിരുന്നുവെങ്കിലും അവർ യെഹൂദയിലെ യെഹൂദന്മാരെക്കാൾ വ്യത്യസ്തരായിരുന്നു. എബ്രായഭാഷക്കാർ എന്ന് അ.പ്ര. 6:1 ൽ പരാമർശിക്കുന്നവർ യെഹൂദയിലെ സംസാരഭാഷയായ അരമായിക് അറിയില്ലാത്തവരായിരുന്നു.

മതപരവും സാംസ്കാരികവുമായ മറ്റ് പല വ്യത്യാസങ്ങളും ഉണ്ടായിരുന്നു. അന്യരാജ്യങ്ങളിൽ ജനിച്ചു വളർന്നവരായതിനാൽ യെഹൂദാ ജൂത പാരമ്പര്യത്തിൽ അവർക്ക് വേരുകളില്ലായിരുന്നു. അവരുടെ പേരുകൾ യെഹൂദജൂതന്മാരുടെ പേരുകൾ പോലെ ആഴത്തിലുള്ളതായിരുന്നില്ല. അവർക്ക് ദൈവാലയ ആചാരങ്ങളുമായോ യിസ്രായേലിൽ മാത്രം അനുവർത്തിച്ചിരുന്ന മോശെയുടെ നിയമങ്ങളുമായോ കൂടുതൽ അടുപ്പം ഉണ്ടായിരുന്നില്ല.

അവരുടെ ജീവിതത്തിലെ കൂടുതൽ സമയവും ഗ്രീക്ക്, റോമൻ ചുറ്റുപാടുകളിൽ ജാതികളുമായി വളരെ ചേർന്നാണ് ജീവിച്ചിരുന്നത്. ക്രിസ്തീയവിശ്വാസത്തിന് ആവശ്യമായ സ്വഭാവരീതികളെ മനസ്സിലാക്കാൻ സ്വാഭാവികമായും അവർ ഒരുക്കമാണ്. യഥാർത്ഥത്തിൽ ലോകത്തിൽ സാക്ഷികളാകുക എന്ന ആഹ്വാനം പൂർത്തീകരിക്കുവാൻ യവനവിശ്വാസികളിൽ അനേകരെ ദൈവം ഉപയോഗിച്ചു.

**ഞായർ** **ജൂലൈ 22**

**ഏഴുപേരുടെ നിയമനം**

വായിക്കുക: അ.പ്ര. 6:1 യവനവിശ്വാസികളുടെ പരാതി എന്തായിരുന്നു? "പരാതിയുടെ കാരണം യവനരായ വിധവമാരെ ദിനംപ്രതിയുള്ള ശുശ്രൂ

ഷയിൽ ഉപേക്ഷയായി വിചാരിച്ചു എന്ന ആരോപണമായിരുന്നു. ഏതുതര ത്തിലുള്ള അസമത്വവും സുവിശേഷത്തിന്റെ അന്തഃസത്തയ്ക്ക് വിരുദ്ധമാണ്, അവിടെ സംശയം ജനിപ്പിക്കുന്നതിൽ സാത്താൻ വിജയിച്ചു. അസന്തുഷ്ടി യുടെ എല്ലാ അവസരങ്ങളും നീക്കം ചെയ്യുവാൻ ഉചിതമായ നടപടികൾ എടുക്കേണ്ടതാണ് വിശ്വാസികളുടെ ഇടയിൽ വിഭാഗീയതകൊണ്ടുവന്ന് വിജയം തേടാനുള്ള ശത്രുവിന്റെ എല്ലാ ശ്രമങ്ങളെയും ഒഴിവാക്കണം" എലൻ ജി. വൈറ്റ് അപ്പൊസ്തലപ്രവർത്തികൾ, പേജ് 88.

പരിഹാരമായി അപ്പൊസ്തലർ നിർദ്ദേശിച്ചത് മേശകളിൽ ശുശ്രൂഷ ചെയ്യുവാൻ യെഹൂദന്മാരുടെ ഇടയിൽനിന്ന് അവർതന്നെ ഏഴു പുരുഷന്മാരെ തിരഞ്ഞെടുക്കുക എന്നതായിരുന്നു (അ.പ്ര. 6:2). അവർ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും ഉറ്റിരിക്കുമ്പോൾ മറ്റുള്ളവർ മേശയിൽ ശുശ്രൂഷിക്കും. (അ.പ്ര. 6:4) (diakoneo) ദിയാക്കോനിയോയും (diakonia) ദിയക്കോനിയ ഒരേ വാക്കിന്റെ ഗണത്തിൽപ്പെടുന്നതാകയാൽ യഥാർത്ഥമായ ഒരു വ്യാഖ്യാനം "മേശകളിൽ" (അ.പ്ര. 6:2) "വചനം" (അ.പ്ര. 6:4.) സഭയുടെ ദൈനംദിന ജീവിതത്തിലെ രണ്ട് പ്രധാന ഘടകങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു. "വചനം" ഉപദേശം (പഠിപ്പിക്കൽ) "മേശമേൽ" കൂട്ടായ്മ രണ്ടാമത്തേത് സമൂഹ ആഹാരം, തിരുവത്താഴവും പ്രാർത്ഥനകളും (അ.പ്ര. 2:42,46; 5:42).

യേശുവിന്റെ ഉപദേശങ്ങളുടെ ആധികാരികത സൂക്ഷിപ്പുകാർ എന്ന നില യിൽ അപ്പൊസ്തലർ അവരുടെ നിയമത്തിന്റെ കൂടുതൽ ഭാഗവും വിശ്വാ സികളോടൊപ്പം ഉപദേശത്തിലും പ്രാർത്ഥനയിലും ആയിരുന്നപ്പോൾ ഏഴ് പുരുഷന്മാർ അനേകഭവനസഭകളിൽ കൂട്ടായ്മ പ്രവർത്തനങ്ങളിലായിരുന്നു. അവരുടെ പ്രവർത്തനങ്ങൾ ഇന്നു നാം മനസ്സിലാക്കുന്ന ഡീക്കന്മാരുടെ പ്രവർത്തികൾപോലെ പരിമിതമായിരുന്നില്ല. യഥാർത്ഥത്തിൽ അവരായി രുന്നു സഭാ ആരാധനയുടെ നേതാക്കന്മാർ.

**വായിക്കുക: അ.പ്ര. 6:2-6 തെരെഞ്ഞെടുക്കപ്പെട്ട ഏഴുപേരെ ശുശ്രൂ യ്ക്കായി അധികാരപ്പെടുത്തിയത്.**

ഏഴുപേർ ധാർമ്മികമായും ആത്മീയമായും പ്രായോഗികയോഗ്യതയുള്ള വ്യത്യസ്തരായവരും ബഹുമാനയോഗ്യരും ആത്മാവിൽ നിറയപ്പെട്ടവരും ജ്ഞാനമുള്ളവരുമായിരുന്നു. ഏഴുപേരെ തെരഞ്ഞെടുത്ത് അവരുടെ മേൽ കൈവച്ച് പ്രാർത്ഥിച്ച് ശുശ്രൂഷയ്ക്കായി ചുമതലപ്പെടുത്തി. ഈ ചടങ്ങ് പൊതു അംഗീകാരവും ഡീക്കന്മാരുടെ ശുശ്രൂഷയ്ക്കായി അവരെ അധികാരപ്പെടു ത്തുന്നതുമായി കണക്കാക്കുന്നു.

**ജനങ്ങളുടെ ഇടയിൽ ആശയക്കുഴപ്പം (അഭിപ്രായഭിന്നത) പ്രചരിപ്പി ക്കാൻ വളരെ എളുപ്പമാണ്. ദൈവത്താൽ നൽകപ്പെട്ട ശക്തിയാൽ നമ്മുടെ**

**ഇടയിൽ സമാധാനം കാത്തുസൂക്ഷിക്കുവാനും അങ്ങനെ എല്ലാകാര്യ ങ്ങളും ചെയ്യുവാനും നമുക്ക് എങ്ങനെ സാധിക്കും.**

**തിങ്കൾ** **ജൂലൈ 23**

## സ്തെഫാനൊസിന്റെ ശുശ്രൂഷ

അവരുടെ നിയമനത്തിനുശേഷം ആ ഏഴുപേരും സഭാ ശുശ്രൂഷയിൽ മാത്രമല്ല ഫലപ്രദമായ സാക്ഷീകരണത്തിലും വ്യാപൃതരായിരുന്നു. അതിന്റെ ഫലമായി അനസ്യൂതമായ സുവിശേഷ പ്രചരണത്തിലൂടെ വിശ്വാസികളുടെ എണ്ണം വർദ്ധിച്ചുവന്നുകൊണ്ടിരിക്കുന്നു (അ.പ്ര. 6:7). ഈ വളർച്ച ആദ്യ കാല സഭയിൽ തീർച്ചയായും എതിർപ്പുകൾ കൊണ്ടുവന്നു. കഥകൾ സ്തെഫാനൊസിനെ കേന്ദ്രീകരിച്ചു. അദ്ദേഹം അപൂർവ്വമായ ആത്മീയ ഉന്ന തിയിലുള്ളവനായിരുന്നു.

**വായിക്കുക: അ.പ്ര. 6:8-16 സ്തെഫാനൊസിന്റെ വിശ്വാസത്തെയും സ്വഭാവത്തെയും കുറിച്ച് ഈ വചനങ്ങൾ നമ്മെ എന്തു പഠിപ്പിക്കുന്നു? തന്റെ എതിരാളികളെ രോഷാകുലരാക്കാൻ സ്തെഫാനൊസ് എന്തായി രുന്നു പ്രസംഗിച്ചുകൊണ്ടിരുന്നത്?**

ഒരു യവനയെഹൂദൻ എന്ന നിലയിൽ യെരൂശലേമിലെ യവന ദൈവാല യങ്ങളിൽ (സിനഗോഗ്) സ്തെഫാനൊസ് സുവിശേഷം പങ്കുവച്ചു. അങ്ങനെ അനേക ദൈവാലയങ്ങൾ (സിനഗോഗുകൾ) ആ പട്ടണത്തിൽ ഉണ്ടായി രുന്നു (അ.പ്ര. 6:9). മിക്കവാറും രണ്ടെണ്ണം പരാമർശിക്കുന്നതിൽ ഒന്ന് അധി നിവേശക്കാരും (കുറേനക്കാരും അലെക്സന്ത്രിയക്കാരുമായ യെഹൂദന്മാർ) മറ്റൊന്ന് വടക്കേ അധിനിവേശക്കാരുമാണ് (കിലിക്യ, ആസ്യ എന്നിവിടങ്ങ ളിൽ നിന്നുള്ളവർ).

സംവാദങ്ങളിലെ കേന്ദ്ര വിഷയം യേശു ആയിരുന്നു. എന്നാൽ സ്തെഫാ നൊസിനെതിരായി ഉയർത്തിയ ആരോപണങ്ങൾ സുവിശേഷം മനസ്സിലാ ക്കുന്നതിലും അതിലെ പരിസമാപ്തിയിലും യെഹൂദാവിശ്വാസികൾക്കുണ്ടാ യിരുന്നതിനേക്കാൾ വളരെ വ്യത്യസ്തമാണ് എന്നതായിരുന്നു. സ്തെഫാ നൊസ് കുറ്റാരോപിതനായത് മോശയ്ക്കും ദൈവത്തിനുമെതിരെ ദൂഷണം പറഞ്ഞു എന്ന പേരിലാണ്. അതായത് നിയമത്തിനും ആലയത്തിനുമെതിരെ. ചില ആശയങ്ങളിലോ വാക്കുകളിലോ അവൻ തെറ്റിദ്ധരിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവന്റെ വാക്കുകളെ മനഃപൂർവ്വം വളച്ചൊടിക്കുകയും കള്ളസാക്ഷികളെ പ്രേരിപ്പിച്ച് അവനെതിരേ സംസാരിപ്പിക്കുകയും ചെയ്തു. യേശുവിന്റെ കാര്യ ത്തിലെന്നപോലെ അവനെതിരെയുള്ള ആരോപണങ്ങൾ എല്ലാം പൂർണ്ണ മായും തെറ്റായിരിക്കുകയില്ല (മർക്കൊ. 14:58; യോഹ. 2:19). ന്യായാധിപസം ഘത്തിൽ സ്തെഫാനൊസിന്റെ വിശദമായ കുറ്റപ്പെടുത്തൽ (അ.പ്ര. 7-48).

അത് വെളിപ്പെടുത്തുന്നത് യേശുവിന്റെ മരണത്തിന്റെ ആത്യന്തികമായ ഫല ത്തെക്കുറിച്ച് അവൻ ആഴമായി മനസ്സിലാക്കി എന്നതാണ്.

മറ്റ് വാക്കുകളിൽ പറഞ്ഞാൽ ഈ സമയത്തും ഒരു പക്ഷേ യെഹൂദ യിൽനിന്ന് ഉത്ഭവിച്ച ജൂതവിശ്വാസികൾ ആലയത്തോടും മറ്റ് കർമ്മാചാര ശുശ്രൂഷകളോടും വളരെ കൂടുതൽ ബന്ധമുള്ളവരായിരുന്നു (അ.പ്ര. 3:1; 15:1,5; 21:17–24). മാത്രമല്ല അവയെ ഉപേക്ഷിക്കാൻ പ്രയാസമുള്ളവരുമായി രുന്നു (ഗലാ. 5:2–4; എബ്രാ. 5:11–14). സ്തെഫാനൊസും മറ്റ് യവനവിശ്വാസി കളും ഉടൻ മനസ്സിലാക്കിയത് യേശുവിന്റെ മരണം അർത്ഥമാക്കുന്നത് ആലയ ത്തിലെ സകല ആചാരക്രമങ്ങളുടെയും അവസാനം എന്നാണ്.

**പുതിയ വെളിച്ചം കടന്നുവരുമ്പോൾ പണ്ട് നാം ആസ്വദിച്ചിരുന്ന ആശയ ങ്ങളിൽ തളയ്ക്കപ്പെടാതിരിക്കാൻ നാം എത്ര ശ്രദ്ധയുള്ളവരായിരിക്കണം?**

**ചൊവ്വ** **ജൂലൈ 24**

**സന്നിദ്രിംസംഘത്തിനു മുമ്പിൽ**

**വായിക്കുക: അ.പ്ര. 7:1–55 കുറ്റാരോപണം നടത്തിയവരോട് സ്തെഫാ നൊസ് എന്താണ് പറഞ്ഞുകൊണ്ടിരുന്നത്?**

സ്തെഫാനൊസിനെതിരെ ചുമത്തിയ കുറ്റങ്ങൾ അറസ്റ്റിലേക്കും ന്യായ വിസ്താരത്തിലേക്കും നയിച്ചു. യെഹൂദപാരമ്പര്യമനുസരിച്ച് നിയമങ്ങളും ദൈവാലയശുശ്രൂഷകളും ലോകത്തെ നിലനിർത്തുന്ന മൂന്ന് തൂണുകളിൽ രണ്ടെണ്ണമാണ്. ഒടുവിലത്തേത് നല്ല പ്രവർത്തിയും. മേശയുടെ കർമ്മാചാര ശുശ്രൂഷ കാലഹരണപ്പെട്ടതാണെന്ന തെറ്റായ വെറും നിർദ്ദേശങ്ങൾ ജൂത മതത്തിലെ ഏറ്റവും പരിപാവനമെന്നു കരുതിയ വിശ്വാസത്തിനേറ്റ കടുത്ത പ്രഹരമായിരുന്നു. അതുകൊണ്ട് അത് ദൈവദൂഷണമെന്ന കുറ്റമായി (അ.പ്ര. 6:11).

അ.പ്രവൃത്തികളിലെ ദീർഘമായ പ്രസംഗത്തിലൂടെയുള്ള സ്തെഫാനൊ സിന്റെ പ്രതികരണം അതിനാൽ തന്നെ അതിന്റെ പ്രാധാന്യത്തെയാണ് സൂചിപ്പിക്കുന്നത്. ഒറ്റനോട്ടത്തിൽ, യിസ്രായേലിന്റെ ചരിത്രത്തിലെ ദുഷ്ക രമായ ഒരു വിവരണത്തെക്കാൾ കൂടുതലായി ഒന്നുമില്ലെന്ന് തോന്നാമെ ങ്കിലും, നാം മനസ്സിലാക്കേണ്ടത് പ്രസംഗം പഴയനിയമകല്പനകളുമായി ബന്ധ പ്പെട്ടതും പ്രവാചകന്മാർ മതപരിഷ്കർത്താക്കളായി നിലകൊണ്ടപ്പോൾ യിസ്രായേലിനെ തിരികെ വിളിക്കാൻ അവർ ഉപയോഗിച്ച ആവശ്യഘടക മായിരുന്നു എന്നതുമാണ്. അത് സംഭവിച്ചപ്പോൾ അവർ ചില സമയങ്ങ ളിൽ റിബ് എന്ന എബ്രായ വാക്ക് ഉപയോഗിച്ചു. അതിന്റെ വിവർത്തനം “നിയമപരമായ ഉടമ്പടി” എന്നാണ്. ഈ വാക്ക് ഉപയോഗിക്കുന്നത് ദൈവ ത്തിന്റെ ജനം ഉടമ്പടി സൂക്ഷിക്കാൻ വീഴ്ചവരുത്തുന്നതുകൊണ്ട് ദൈവം

അവർക്കെതിരേ നിയമപരമായ നടപടി എടുക്കുന്നു എന്ന ആശയം പ്രകട മാക്കുവാനാണ്.

മീഖ. 6:1,2 റിബ് (rib) മൂന്നു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. പിന്നെ സീനായിലെ ഉടമ്പടിയുടെ മാതൃകയെ പിൻപറ്റിക്കൊണ്ട് (പുറ. 20-23) മീഖ ജനങ്ങളെ ഓർമ്മപ്പെടുത്തുന്നത്, ദൈവത്തിന്റെ വലിയ പ്രവർത്തികളെയാണ്. ഉടമ്പടി തെറ്റിക്കുക, ഭാഗികമായി അനുസരിക്കുക (മീഖ. 6:6-12) ഒടുവിൽ ഉടമ്പടി വിച്ഛേദിക്കുന്നതിന്റെ ശാപം (മീഖ. 6:13-16).

സ്തെഫാനൊസ് സംസാരിച്ചപ്പോൾ അതിന്റെ പശ്ചാത്തലം ഇതായിരിക്കാം. അവന്റെ പ്രവർത്തനങ്ങളെ വിവരിക്കാൻ ആവശ്യപ്പെട്ടപ്പോൾ, അവന്റെ വിശ്വാസത്തെ പ്രതിരോധിക്കാനോ തന്റെമേൽ ചുമത്തിയ കുറ്റങ്ങൾ തെറ്റാണ് എന്ന് തെളിയിക്കുവാനോ ഒരു ശ്രമവും ചെയ്തില്ല. അതിനു പകരം അവർ യിസ്രായേലിന് എതിരായ ദൈവത്തിന്റെ വ്യവഹാരം കൊണ്ടുവന്നപ്പോൾ പുരാതനകാലത്ത് പ്രവാചകൻ ചെയ്തിരുന്നതുപോലെ അവൻ തന്റെ ശബ്ദം ഉയർത്തി. യിസ്രായേൽ ദൈവത്തോടുകൂടെയുണ്ട് പൂർവ്വ കാലജീവിതത്തെക്കുറിച്ചുള്ള ദീർഘമായ അവലോകനം വിശദീകരിക്കുന്നത് അവരുടെ നന്ദികേടും അനുസരണമില്ലായ്മയുമാണ്.

തീർച്ചയായും അ.പ്ര. 7:51-53 വാക്യങ്ങളാൽ സ്തെഫാനൊസ് ഇനിമേലാൽ ഒരു പ്രതിരോധകനല്ല. ഈ നേതൃത്വത്തിനെതിരെ ദൈവത്തിന്റെ നിയമ ഉടമ്പടി സമർപ്പിക്കുന്ന പ്രവാചക അഭിഭാഷകനാണ്. അവരുടെ പിതാക്കന്മാർ പ്രവാചകന്മാരെ കൊല്ലുന്ന പാപം ഉള്ളവരായിരുന്നെങ്കിൽ, ഇവർ അതിൽ കൂടുതലാണ്. ''നമ്മുടെ പിതാക്കന്മാ''രിൽ നിന്ന് (അ.പ്ര. 7:11,19,38,44,45) "നിങ്ങളുടെ പിതാക്കന്മാ"രിലേക്കുള്ള മാറ്റം (അ.പ്ര. 7:51) ശ്രദ്ധേയമാണ്. സ്തെഫാനൊസ് ഏകാന്തതയെ ഭേദിച്ച് തന്റെ ജനത്തോടൊപ്പം യേശുവിനുവേണ്ടി കൃത്യമായ നിലപാട് എടുത്തു. അതിന്റെ വില വളരെ വലുതായിരിക്കാം. എങ്കിലും അവന്റെ വാക്കുകളിൽ ഭയമോ, പശ്ചാത്താപമോ ഇല്ലായിരുന്നു.

**എപ്പോഴായിരുന്നു നിങ്ങളുടെ ജീവിതത്തിൽ യേശുവിനുവേണ്ടി ഉറച്ചതും സന്ധി ചെയ്യാത്തതുമായ നിലപാട് എടുക്കേണ്ട ആവശ്യമുണ്ടായിരുന്നത്? നിങ്ങൾ അങ്ങനെ ചെയ്തുവോ അതോ അതിനുപകരമായി ഒഴിവുകഴിവുകൾ പറഞ്ഞുവോ? അങ്ങനെയെങ്കിൽ എന്ത് മാറ്റമാണ് ആവശ്യം?**

**ബുധൻ** **ജൂലൈ 25**

**യേശു സ്വർഗ്ഗീയ കോടതിയിൽ**

നിർവചനത്താൽ ഒരു പ്രവാചകൻ എന്നാൽ ദൈവത്തിനുവേണ്ടി സംസാരിക്കുന്ന ഒരു വ്യക്തി. യിസ്രായേലിനെതിരേയുള്ള ദൈവത്തിന്റെ വ്യവഹാരം

കൊണ്ടുവന്ന സമയംതന്നെ സ്തെഫാനൊസ് ഒരു പ്രവാചകനായി. എന്നാൽ അവന്റെ പ്രവാചകശുശ്രൂഷ വളരെ ചുരുങ്ങിയ ഒരു സമയമായിരുന്നു.

**വായിക്കുക: അ.പ്ര. 7:55,56 സ്തെഫാനൊസിന്റെ ദർശനത്തിന്റെ അർത്ഥമെന്തായിരുന്നു?**

"സ്തെഫാനൊസ് ഈ നിലപാടിൽ എത്തിയപ്പോൾ ജനത്തിന്റെ ഇടയിൽ കലഹം ഉണ്ടായി. അവൻ ക്രിസ്തുവിനെ പ്രവചനവുമായി ബന്ധിച്ച് ദൈവാലയത്തെക്കുറിച്ച് ചെയ്തതുപോലെ സംസാരിച്ചപ്പോൾ പുരോഹിതൻ ഭയം ബാധിച്ചവനെപ്പോലെ തന്റെ വസ്ത്രം കീറി. സ്തെഫാനൊസിന് ഇത് തന്റെ ശബ്ദത്തെ എന്നന്നേയ്ക്കുമായി നിശ്ശബ്ദമാക്കുവാനുള്ള ഒരു അടയാളമായിരുന്നു. അവന്റെ വാക്കുകളെ നേരിട്ടവർ രഹസ്യമായി സംഘം ചേരുന്നത് സ്തെഫാനൊസ് കണ്ടു. ഇതു തന്റെ അവസാനത്തെ സാക്ഷീകരണമാണ് എന്ന് അവൻ അറിഞ്ഞു. അവന്റെ പ്രസംഗത്തിന്റെ പകുതിയിലായിരുന്നിട്ടും പെട്ടെന്ന് ഉപസംഹരിച്ചു." എലൻ ജി. വൈറ്റ്, ദ ആക്ട്സ് ഓഫ് അപ്പൊസ്റ്റൽസ് പേജ് 100.

സ്തെഫാനൊസ്, യെഹൂദാനേതാക്കന്മാർ ദൈവത്തിനെതിരേ ചെയ്ത തെറ്റുകൾ അവരുടെ മേൽ ചുമത്തിക്കൊണ്ട് അവരുടെ മുമ്പാകെ നിൽക്കുമ്പോൾ, യേശു സ്വർഗ്ഗീയ കോടതിയിൽ സ്വർഗ്ഗീയമന്ദിരത്തിൽ പിതാവിന്റെ സമീപത്തു നിൽക്കുകയായിരുന്നു. ഇത് ഭൂമിയിലെ ന്യായവിധിയുടെ അടയാളമായിരുന്നു. എന്നാൽ ഇതു സ്വർഗ്ഗത്തിൽ സംഭവിപ്പാൻ പോകുന്ന യഥാർത്ഥ ന്യായവിധിയുടെ ദൃശ്യം ആയിരുന്നു. യിസ്രായേലിലെ കള്ള നേതാക്കന്മാരേയും ഉപദേശകരേയും ദൈവം ന്യായം വിധിക്കും.

ഇത് വിശദീകരിക്കുന്നത് എന്തുകൊണ്ട് പശ്ചാത്താപത്തിനായി വിളിക്കുന്നു. അത് (അ.പ്ര. 2:38; 3:19; 5:31) മുൻപ്രസംഗങ്ങളിലെ പൊതുവായ ഒരു തത്വമായിരുന്നു, അത് ഇവിടെ കാണുന്നില്ല. യിസ്രായേലിന്റെ മതാധിപത്യം അതിന്റെ അവസാനത്തിലേയ്ക്ക് വരികയായിരുന്നു; അതിന്റെ അർത്ഥം ദൈവം അബ്രഹാമിനോട് വാഗ്ദത്തം ചെയ്തതുപോലെ, യിസ്രായേൽ ഒരിക്കലും ലോകത്തിന്റെ രക്ഷയുടെ മദ്ധ്യസ്ഥത ചെയ്യുകയില്ല (ഉല്പത്തി 12:3; 18:18; 22:18). എന്നാൽ അത് യേശുവിന്റെ അനുയായികളായിരിക്കും, യെഹൂദനും ജാതിയും യെരൂശലേം വിട്ട് ലോകത്തിനു സാക്ഷിയാകുവാൻ പ്രതീക്ഷിക്കുന്നത് (അ.പ്ര. 1:8).

**വായിക്കുക: അ.പ്ര. 7:57–8:1,2 എങ്ങനെയാണ് ലൂക്കൊസ് സ്തെഫാനൊസിന്റെ മരണത്തെ വിവരിക്കുന്നത്?**

കല്ലെറിയുന്നത് ദൈവദൂഷണത്തിനുള്ള ശിക്ഷയായിരുന്നു (ലേവ്യ. 24:14) എങ്കിലും സ്തെഫാനൊസിനെ കൊല്ലാൻ വിധിച്ചിരുന്നുവോ അതോ ഒരു കൂട്ടം മതഭ്രാന്തന്മാർ സ്തെഫാനൊസിനെ അങ്ങനെ കൊന്നതാണോ എന്ന്

വ്യക്തമല്ല. അത് എങ്ങനെ ആയാലും യേശുവിലുള്ള വിശ്വാസി തന്റെ വിശ്വാസം കാരണം കൊല്ലപ്പെടുന്നു എന്ന് ആദ്യം രേഖപ്പെടുത്തപ്പെട്ട വ്യക്തി സ്തെഫാനൊസായിരുന്നു. സാക്ഷികൾ അവരുടെ വസ്ത്രങ്ങൾ ശൗലിന്റെ കാൽക്കൽ വച്ചു. അവനെ സ്തെഫാനൊസിന്റെ എതിരാളികളുടെ നേതാവായി നിർദ്ദേശിച്ചു. എന്നിട്ടും തന്റെ ശിക്ഷ നടപ്പാക്കുന്നവർക്കു വേണ്ടി സ്തെഫാനൊസ് പ്രാർത്ഥിച്ചപ്പോൾ അവൻ ശൗലിനുവേണ്ടിയും പ്രാർത്ഥിച്ചു. ഉന്നതമായ സ്വഭാവവും അചഞ്ചലമായ വിശ്വാസവുമുള്ള ഒരു വ്യക്തിക്കുമാത്രമേ ഇത്തരം ഒരു കാര്യം ചെയ്യാൻ കഴിയൂ. തന്റെ വിശ്വാസജീവിതത്തിൽ യേശു ഉണ്ട് എന്ന യാഥാർത്ഥ്യത്തിന്റെ ശക്തമായ അടയാളമായിരുന്നു അത്.

**വ്യാഴം** **ജൂലൈ 26**

## സുവിശേഷത്തിന്റെ വ്യാപനം

സ്തെഫാനൊസിനുമേൽ നേടിയ വിജയം, യെരൂശലേമിലുള്ള വിശ്വാസികളുടെ മേലുള്ള വ്യാപകമായ പീഢനത്തിന് തിരികൊളുത്തി. അതിന് കാരണമായി തീർന്നത് സ്തെഫാനൊസിന്റെ എതിരാളികളായിരുന്ന അതേ നേതൃത്വം തന്നെയായിരുന്നു എന്നതിൽ സംശയമില്ല. അതിന്റെ നേതാവ് ശൗൽ ആയിരുന്നു, സഭയ്ക്ക് ഒരു ചെറിയ ക്ഷതം പോലും ഉണ്ടാവാതിരിക്കാൻ കാരണമായിത്തീർന്ന വ്യക്തി (അ.പ്ര. 8:3; 26:10). പീഢനം ഒരു നല്ല ഫലത്തിലേയ്ക്കു തിരിഞ്ഞു.

തീർച്ചയായും വിശ്വാസികൾ യെഹൂദ്യയിലും ശമര്യയിലും എല്ലായിടത്തും ചിതറപ്പെട്ടു. അവർ സുവിശേഷം പ്രസംഗിക്കുവാൻ പോയി. ആ പ്രദേശങ്ങളിൽ യേശുവിന്റെ സാക്ഷികളായിരിപ്പാനുള്ള യേശുവിന്റെ ആഹ്വാനത്തിന് നിവൃത്തിവന്നു (അ.പ്ര. 1:8).

**വായിക്കുക: അ.പ്ര. 8:4-25 ഈ വിവരണത്തിൽ എന്ത് പാഠങ്ങളാണ് വെളിവാക്കപ്പെടുന്നത്?**

മതപരമായ വീക്ഷണത്തിൽപോലും ശമര്യാക്കാരൻ പാതി യിസ്രായേല്യനായിരുന്നു. അവർ ഏക ദൈവവിശ്വാസികളും മോശെയുടെ ആദ്യത്തെ അഞ്ച് ഗ്രന്ഥങ്ങൾ അംഗീകരിച്ചവരും പരിച്ഛേദന സ്വീകരിച്ച് മശീഹക്കായി പ്രതീക്ഷിച്ചിരുന്നവരുമായിരുന്നു. യെഹൂദന്മാർക്ക് ശമര്യാക്കാരുടെ മതം അധാർമ്മികമായിരുന്നു. അതിന്റെ അർത്ഥം ശമര്യക്കാർക്ക് യിസ്രായേലിന്റെ ഉടമ്പടിയുമായി യാതൊരു പങ്കുമില്ലായിരുന്നു.

ശമര്യക്കാരുടെ അപ്രതീക്ഷിതമായ മാനസാന്തരം യെരൂശലേമിലെ സഭയെ ഞെട്ടിച്ചു. അതുകൊണ്ട് അപ്പൊസ്തലന്മാർ പത്രൊസിനെയും യോഹന്നാനെയും അവിടത്തെ സാഹചര്യം വിലയിരുത്താൻ അവിടേക്ക് അയച്ചു. പത്രൊസും യോഹന്നാനും അവിടെ എത്തിച്ചേരുന്നതുവരെ (അ.പ്ര. 8:14-17).

പരിശുദ്ധാത്മാവിനെ ആ ജനത്തിനു മേൽ നൽകിയില്ല, മിക്കവാറും അത് അപ്പൊസ്തലന്മാരെ ബോധ്യപ്പെടുത്താനും അങ്ങനെ ശമര്യക്കാരെ പൂർണ്ണ മായി വിശ്വാസസമൂഹത്തിലേക്ക് സ്വീകരിക്കുവാനും ആയിരിക്കും (അ.പ്ര. 11:1-18).

അത് അവിടെ അവസാനിച്ചില്ല അ.പ്ര. 8:26-39 ൽ ഒരു സംഭവം വിവരി ക്കുന്നുണ്ടല്ലോ. ഫിലിപ്പോസും എത്യോപ്യൻ ഷണ്ഡനും വേദപഠനം കഴി ഞ്ഞപ്പോൾ, സ്നാനം ആവശ്യപ്പെട്ടു. "അപ്പോൾ ഫിലിപ്പോസും ഷണ്ഡനും വെള്ളത്തിലേക്കിറങ്ങി. ഫിലിപ്പോസ് ഷണ്ഡനെ സ്നാനപ്പെടുത്തി" (അ.പ്ര. 8:33).

ആദ്യം ശമര്യക്കാർ, പിന്നെ എത്യോപ്യൻ, യെരൂശലേമിൽ ആരാധിക്കു വാൻ വന്നിട്ട് ഇപ്പോൾ അവന്റെ ഭവനത്തിലേക്കുള്ള വഴിയിലായിരുന്നു. പ്രവർത്തിക്കപ്പെട്ടതുപോലെ സുവിശേഷം യിസ്രായേലിന്റെ അതിരുകൾ കടന്ന് ലോകത്തിലേക്ക് എത്തിച്ചേരുകയായിരുന്നു. ഇത് എല്ലാം ആരംഭമാ യിരുന്നെങ്കിലും ആദ്യകാല യെഹൂദാവിശ്വാസികൾ ലോകത്തിൽ അറിയാ വുന്ന രാജ്യങ്ങളിൽ സംബന്ധിച്ച് തങ്ങളുടെ പാപങ്ങളുടെ ശിക്ഷയ്ക്ക് വില നൽകി എല്ലാവർക്കും എല്ലായിടത്തും രക്ഷയുടെ പ്രത്യാശ വാഗ്ദത്തം ചെയ്യുന്ന യേശുവിന്റെ മരണത്തിന്റെ മഹത്തായ ദൂത് പ്രസംഗിക്കും.

പത്രൊസ് ശിമോനോടു പറഞ്ഞു: "നീ കയ്പുള്ള പകയിലും അനീതി യുടെ ബന്ധനത്തിലും അകപ്പെട്ടിരിക്കുന്നു" (അ.പ്ര. 8:23). അവന്റെ പ്രശ്ന ത്തിനുള്ള പരിഹാരമെന്തായിരുന്നു, ഇതുപോലെ സമാനമായ സാഹചര്യ ത്തിലായിരിക്കുന്ന ആരായിരുന്നാലും എന്ത് ചെയ്യും?

**വെള്ളി** **ജൂലൈ 27**

**കൂടുതൽ ചിന്തയ്ക്ക്**

"യെരൂശലേമിൽ സഭയുടെ മേൽ കടന്നുവന്ന പീഢനം സുവിശേഷ വേലയ്ക്ക് വലിയ ശക്തി നൽകുന്നതായിത്തീർന്നു. ആ വിജയം വചന ശുശ്രൂഷയെ ആ സ്ഥലങ്ങളിൽ ഏറ്റെടുക്കുവാൻ ഇടയായി. അത് രക്ഷകന്റെ സുവിശേഷ ദൗത്യം ഏറ്റെടുത്ത് ലോകത്തിലേയ്ക്ക് പോകാൻ കൂട്ടാക്കാതെ യെരൂശലേമിൽത്തന്നെ തങ്ങുക എന്ന അപകടവും ഉണ്ടാവും. തിന്മയേ എതിർക്കാനുള്ള ഏറ്റവും നല്ല വഴി അതിശക്തമായ ശുശ്രൂഷയാണ് എന്ന കാര്യം വിസ്മരിച്ചുകൊണ്ട് യെരൂശലേമിൽ സഭയെ ശത്രുവിന്റെ ആക്രമണ ത്തിൽനിന്ന് തടയുക എന്നതിലുപരിയായി പ്രധാനപ്പെട്ട മറ്റൊരു പ്രവൃത്തിയുമില്ലെന്ന് ശിഷ്യന്മാർ ചിന്തിക്കാൻ തുടങ്ങി. പുതിയതായി മാന സാന്തര അനുഭവത്തിലൂടെ കടന്നുവന്നവരെ പഠിപ്പിച്ച് സുവിശേഷം കേട്ടി ട്ടില്ലാത്തവരിലേക്ക് സുവിശേഷം എത്തിക്കുന്നതിനുപകരം അവർ ചെയ്ത

കാര്യത്തിൽ അതുകൊണ്ടുതന്നെ എല്ലാവരേയും സംതൃപ്തരാക്കാനുള്ള അപകടകരമായ ഒരു പദ്ധതി ശിഷ്യന്മാർ ഏറ്റെടുക്കുകയായിരുന്നു. അവന്റെ പ്രതിനിധികൾ അന്യദേശങ്ങളിലേക്ക് ചിതറിപ്പോയി. അവിടെ മറ്റുള്ളവർക്കു വേണ്ടി പ്രവർത്തിപ്പാൻ അവരുടെ മേൽ പീഢനം വരുവാൻ ദൈവം അനുവദിച്ചു. യെരുശലേമിൽനിന്ന് ഓടിപ്പോയ വിശ്വാസികൾ എല്ലായിടത്തും ചെന്ന് ദൈവവചനം പ്രസംഗിക്കുകയായിരുന്നു." Ellen G. White The Acts of the Apostles P.105

**ചർച്ച ചെയ്യുക**

1 ശിഷ്യന്മാർ പൂർത്തീകരിച്ച ദൗത്യം കൊണ്ടുമാത്രം അവർ തൃപ്തിപ്പെടുക എന്ന അപകടത്തെക്കുറിച്ച് എലൻ ജി. വൈറ്റ് ഉദ്ധരിച്ചിരിക്കുന്ന കാര്യം ശ്രദ്ധയോടെ വായിക്കുക. ഒന്നാമതായി അതിന്റെ അർത്ഥം അന്നത്തെ അംഗീകരിക്കപ്പെട്ടിരുന്ന ആശയങ്ങൾക്ക് വിപരീതമായി അനേക യെഹൂദന്മാർ യേശുവിനെ മശീഹയായി അംഗീകരിച്ചു. എന്നാൽ അതിനേക്കാൾ പ്രാധാന്യം ഒരു ജനമെന്ന നിലയിൽ എന്ത് മുന്നറിയിപ്പാണ് നാം ഇതിൽനിന്ന് ഇന്ന് എടുക്കുന്നത്? ലോകത്തിലേക്ക് ഇറങ്ങിച്ചെന്ന് നാം ചെയ്യേണ്ട ജോലി ചെയ്യാതെ നമുക്ക് ഉള്ളതിനെ സംരക്ഷിച്ച് നിർത്തുന്നതിൽ മാത്രം ശ്രദ്ധിക്കുന്നവരല്ല എന്ന് എങ്ങനെ നമുക്ക് മാപ്പാക്കാൻ കഴിയും?

2 അപ്പൊസ്തലന്മാരുടെ സമയത്ത് യെഹൂദരും ശമര്യക്കാരും തമ്മിലുള്ള ബന്ധങ്ങൾ തീവ്രമായ ശത്രുതയാൽ രേഖപ്പെടുത്തപ്പെട്ടതായിരുന്നു. ഫിലിപ്പോസ് ഉത്സാഹമുള്ള ഒരു യെഹൂദനെപ്പോലെ ശമര്യയിൽ യേശുവിന്റെ സാക്ഷ്യം വഹിച്ചു എന്ന തത്വത്തിൽ നിന്ന് നമുക്ക് എന്തു പഠിക്കാൻ കഴിയും? സെവന്ത്-ഡെ അഡ്വെന്റിസ്റ്റുകാർ എന്ന നിലയിൽ സാംസ്കാരികവും വംശീയവുമായ വേർതിരിവ് നമ്മെ ബാധിക്കുവാനുള്ളവരല്ല നാമെല്ലാവരും ദൈവമുമ്പാകെ തുല്യരാണെന്നതിനെക്കുറിച്ച് ക്രൂശ് നമ്മെ എന്താണ് പഠിപ്പിക്കുന്നത്? ക്രിസ്തുവിന്റെ മരണത്തിന്റെ സാർവ്വലൗകികത വിലമതിക്കാനാവാത്ത ഓരോ മനുഷ്യജീവനേയുംകുറിച്ച് നമ്മെ എന്താണ് പഠിപ്പിക്കുന്നത്?

3 എത്യോപ്യനെ ഫിലിപ്പോസ് എപ്രകാരമാണ് സമീപിച്ചത്? (8:27-30). നമുക്ക് ലഭിക്കുന്ന അവസരങ്ങൾ എപ്രകാരം മറ്റുള്ളവരെ സുവിശേഷം അറിയിക്കുവാൻ ഉപയോഗിക്കാം?

4 സഭയുടെ ദൗത്യനിർവഹണത്തിനു അ.പ്ര. 6-8 അദ്ധ്യായങ്ങളിൽ നിന്നും നമുക്ക് എന്ത് പഠിക്കാം?

✪ ✪ ✪ ✪